2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്രാഥമികാരോഗ്യമേഖലയുടെ വികസനം

4 (*214) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസൂത്രണ ബോർഡ് വിദഗ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാരം കേരളീയർ ചികിത്സിച്ചു ദരിദ്രരാകാനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) സ്വകാര്യ മേഖലയെ അമിതമായി ആശ്രയിക്കാനിടയാക്കുന്ന സാഹചര്യം പരിഹരിക്കാൻ എന്തെങ്കിലും നടപടിയുണ്ടോ ;

(സി) പ്രാഥമികാരോഗ്യ മേഖലയുടെ വികസനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് ; ഏതൊക്കെ കാര്യങ്ങൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) National Sample Survey Office (NSSO) 2014 സർവ്വേ വിവരങ്ങളെ അധികരിച്ച് ശ്രീ. പീറ്റർ ബർമാനും ശ്രീ. രാജീവ് അഹൂജയും നടത്തിയ ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 12 ശതമാനം ഗ്രാമീണകുടുംബങ്ങളും 8 ശതമാനം നഗര കുടുംബങ്ങളും ചികിത്സാ ചെലവിനാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയാകുന്നുവെന്ന് സാന്ദർഭികമായി പരാമർശിക്കുന്നുണ്ട്. ഇത് അവലംബിച്ചാണ് പ്രസ്തുത റിപ്പോർട്ടിൽ ഈ പരാമർശം നടത്തിയിട്ടുള്ളത്.

(ബി) സ്വകാര്യമേഖലയെ അമിതമായി ആശ്രയിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വിദഗ്ധ സമിതി റിപ്പോർട്ടിൽ പ്രാഥമികാരോഗ്യ മേഖലയുടെ അടിസ്ഥാനസൗകര്യ വികസനത്തിനും മനുഷ്യ വിഭവശേഷി വികസനത്തിനും മരുന്നുകൾ ഉപകരണങ്ങൾ എന്നിവയുടെ ലഭ്യതയും പ്രാഥമികാരോഗ്യ മേഖലയുടെ

LIBRARY ARCHIVES Kerala Legislative Assembly

വികസനത്തിനായി എൻ.എച്ച്.എം. മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പദ്ധതിയിൽനിന്നും തുക വകയിരുത്തുന്നുണ്ട്. വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതാണ് പ്രാഥമിക ആരോഗ്യം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രത്യേകം ബഡ്ജറ്റ് വിഹിതം വാർഷിക പദ്ധതിയിൽ വകയിരുത്തി വരുന്നുണ്ട്. ആരോഗ്യമേഖലയ്ക്ക് നൽകുന്ന ബഡ്ജറ്റ് വിഹിതത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും വർദ്ധനവ് വരുത്തി വരുന്നു.

ബി.പി.എൽ. കാർഡുകാർക്കുള്ള ചികിൽസാ സഹായങ്ങൾ

5 (T*215) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. പി. എൽ. കാർഡുകാർക്ക് നൽകിയിട്ടുള്ള ചികിത്സാ സഹായങ്ങൾ വിശദമാക്കാമോ ;

(ബി) ഭിന്നശേഷിക്കാർ, അംഗപരിമിതർ, പലതരം മാരകരോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർ എന്നിവർക്ക് എന്തെല്ലാം ചികിത്സാ സഹായങ്ങളാണ് നൽകിവരുന്നത് ;

(സി) പ്രസ്തുത വിഭാഗക്കാർക്കുകൂടി സൗജന്യ ചികിത്സ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ആർ.എസ്.ബി.വൈ. ചിസ് പദ്ധതിയിൽ 30,000 രൂപവരെയും ചിസ് പ്ലസ്-ൽ 70,000 രൂപവരെയും സൗജന്യചികിത്സാ സഹായം നൽകുന്നു. കൂടാതെ സുകൃതം, ആരോഗ്യകിരണം, കാരുണ്യ, ജനനിശിശു സുരക്ഷാകാര്യം, എസ്.എം.എ.പി., ആർ.ബി.എസ്.കെ., ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽനിന്നുള്ള ചികിത്സാ ധനസഹായം തുടങ്ങിയ പദ്ധതികളിലായി സൗജന്യ ചികിത്സാ സഹായങ്ങൾ നൽകിവരുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബി.പി.എൽ. വിഭാഗക്കാർക്ക് വിവിധ ലാബ് ടെസ്റ്റുകൾ, എക്സ്റേ, അൾട്രാസൗണ്ട് സ്കാൻ എന്നിവയും കിടപ്പ്

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly